"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത് പരുത്തിപ്പള്ളി വാർഡ് മെമ്പർ ശ്രീ. ജി. ഷാജിയുടെ ചികിത്സാ ചെലവിനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും രണ്ടുലക്ഷം രൂപ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

**സ.ഉ.(സാധാ) നം.531/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/03/2020

---

പരാമർശം:-1 കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17/06/2019 ലെ ബി2/777/2019 നം. കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 03/09/2019, 10/12/2019 തീയതികളിലെ PAN/22929/2018-ജെ3(ഡിപി) നം. കത്തുകൾ.

3 കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 19/11/2019 ലെ 25(1) നം. തീരുമാനം.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത് പരുത്തിപ്പള്ളി വാർഡ് മെമ്പർ ശ്രീ. ഷാജിയുടെ വൃക്കമാറ്റിവെക്കൽ അടക്കമുള്ള ചികിത്സാ ചെലവ് പതിനെട്ട് ലക്ഷം രൂപ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും , പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1) ലെ കത്ത് സഹിതം, പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (2) ലെ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. ചികിത്സാ ചെലവ് സർക്കാരിൽ നിന്ന് നേരിട്ട് അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ തനത് ഫണ്ടിൽ നിന്ന് ലഭ്യമായ തുക അനുവദിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് അറിയിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് തനത് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത് പരുത്തിപ്പള്ളി വാർഡ് മെമ്പർ ശ്രീ. ഷാജിയുടെ വൃക്കമാറ്റിവെക്കലിന് ആവശ്യമായി വന്ന ചികിത്സാ ചെലവിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രാപ്തമായ തുകയായ 2,00,000/- രൂപ (രണ്ടുലക്ഷം. രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/ പ്രസിഡണ്ട്, കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

ശ്രീ. ജി. ഷാജി , പരുത്തിപ്പള്ളി വാർഡ് മെമ്പർ, കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ